GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**18-07-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ– FIB FARM NEWS

**1. പച്ചക്കറി തൈകൾ വിൽപ്പനയ്ക്ക്**

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ ഉജ്ജ്വല, അനുഗ്രഹ എന്നീ ഇനത്തിൽ പെട്ട മുളക് തൈകളും, ഹരിത, സൂര്യ ഇനത്തിൽ പെട്ട വഴുതന തൈകളും , ആർക്ക, അനാമിക ഇനത്തിൽപ്പെട്ട വെണ്ടത്തൈകളും, ഭാഗ്യലക്ഷ്മി ഇനത്തിൽ പെട്ട പയർ, അക്ഷയ, അനഘ ഇനത്തിൽപ്പെട്ട തക്കാളിത്തൈകളും വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വില്പന സമയം രാവിലെ 9 മണി മുതൽ 4 മണിവരെ.

2. കേരള കാർഷിക സർവകലാശാലയുടെ കാർഷിക വിജ്ഞാന-വിപണന കേന്ദ്രം കോഴിക്കോട് അഗ്രിക്കൾച്ചറൽ അർബൻ ഹോൾസയിൽ മാർക്കറ്റ് കോംപ്ലസ്, വേങ്ങേരിയിൽ പ്രവർത്തനം ആരംഭിച്ചു. കാർഷിക സാങ്കേതിക ഉപദേശങ്ങൾക്കും, പരിശീലനങ്ങൾക്കും, കാർഷിക സർവകലാശാല ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും കാർഷിക വിജ്ഞാന വിപണന കേന്ദ്രം, വേങ്ങേരി സന്ദർശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ ഇനി പറയുന്നു:- **9895964918,** വാട്സാപ്പ് നമ്പർ-**8468990086**

3. റബ്ബർ ടാപ്പിങ്ങ് തൊഴിലാളികൾക്കായി റബ്ബർ ബോർഡ് 2011 - 12 വർഷത്തിൽ ആരംഭിച്ച ഗ്രൂപ്പ് ലൈഫ് ഇൻഷുറൻസ് കം ടെർമിനൽ ബനഫിറ്റ് പദ്ധതിയിൽ ചേർന്നിട്ടുള്ളവർ അവരുടെ ഈ വർഷത്തെ വിഹിതം ജൂലൈ 30 നു മുമ്പായി അതാത് പ്രദേശത്തെ റബ്ബർ ബോർഡ് റീജിയണൽ ഓഫീസിൽ അടച്ച് പോളിസി പുതുക്കേണ്ടതാണെന്ന് റബ്ബർ ബോർഡ് ഡപ്യൂട്ടി ഡയറക്ടർ അറിയിക്കുന്നു.

**4. കശുമാവ് തൈകൾ ലഭിക്കാൻ രജിസ്റ്റർ ചെയ്യാം**

കർഷകർക്കും മറ്റ് സ്ഥാപനങ്ങൾക്കും കശുമാവ് തൈകൾ ലഭ്യമാക്കുവാൻ സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി) ഓൺലൈൻ വഴി രജിസ്ട്രേഷൻ ആരംഭിച്ചു. ഇതിനായി കർഷകർക്ക് www.kasumavukrishi.org എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് രജിസ്ട്രേഷൻ നടത്താം. അല്ലെങ്കിൽ

**18-07-2021**

അപേക്ഷ ഫോറം വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് / ബന്ധപ്പെട്ട ജില്ലാ ഫീൽഡ് ഓഫീസറിൽ നിന്ന് സ്വീകരിച്ച് പൂരിപ്പിച്ച് അയക്കാം. പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ 31 വരെ സ്വീകരിക്കും. അപേക്ഷ അയക്കേണ്ട മേൽ വിലാസം ചെയർമാൻ, കെ.എസ്.എ.സി.സി, അരവിന്ദ് ചേമ്പേഴ്സ്, മുണ്ടയ്ക്കൽ വെസ്റ്റ്, കൊല്ലം-691001. ഫോൺ: 0474-2760456, കോ-ഓർഡിനേറ്റർ (സൗത്ത്)-9496046000, കോ-ഓർഡിനേറ്റർ (നോർത്ത്)- 9496047000.

**ഓൺലൈൻ പരിശീലന പരിപാടികൾ**

5. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 20 ന് (20.07.2021) രാവിലെ 11 മുതൽ 12 മണി വരെ **അലങ്കാര മത്സ്യങ്ങളുടെ പ്രജനനക്രിയ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. **സമേതി കേരളയുടെ** ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് **- 9349482600**

6. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവകലാശാലയുടെ പൂക്കോട് വെറ്ററിനറി കോളേജിലെ വിജ്ഞാനവ്യാപന വിഭാഗവും സംരംഭകത്വ വിഭാഗവും സംയുക്തമായി 19-07-2021 മുതൽ 23 വരെ **ആദായകരമായ കോഴി വളർത്തൽ - കർഷകർ അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. സൂം പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിന്റെ ഐഡി ഇനി പറയുന്നു. **999 521 3500.** കൂടുതൽ വിവരങ്ങൾക്ക് **9446714462.** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക

7. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ ആർ എ റ്റി റ്റി സി, വൈറ്റില കർഷകർക്കായി **പച്ചക്കറി കൃഷി പാഠങ്ങൾ** എന്ന പരമ്പരയുടെ ഭാഗമായി നാളെ (19/7/2021 ന്) വെള്ളരിവർഗ വിളകൾ -പാവൽ, പടവലം, പീച്ചിൽ എന്ന വിഷയത്തിൽ ഫേസ് ബുക്ക് ലൈവിലൂടെ പരിശീലനം നൽകുന്നു. ആർ എ റ്റി സി ട്രയിനിങ് എന്ന ഫേസ് ബുക്ക് പേജ് വഴി പരിശീലനങ്ങളിൽ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**18-07-2021**

തത്സമയം പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക – 0484 2703094

8. പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 23 ന് വീട്ടുവളപ്പിലെ പച്ചക്കറി കൃഷി – ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, 28 ന് ശാസ്ത്രീയ കോഴിവളർത്തൽ, 29 ന് മണ്ണ് പരിശോധനയും സംയോജിത വളപ്രയോഗവും, 30 ന് കൂൺ കൃഷി എന്നീ വിഷയങ്ങളിലാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ അതാതുദിവസങ്ങളിൽ രാവിലെ 11 മണിയ്ക്ക് meet.google.com/kyy-watc-qem എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം കൂടുതൽ വിവരങ്ങൾക്ക് 8078572094 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

9. **കാർഷിക സർവ്വകലാശാല വിളപരിപാലന നിർദ്ദേശങ്ങൾ**

- നെല്ലിൽ ചിനപ്പ് പൊട്ടുന്ന പരുവത്തിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതിരിക്കാൻ 20 ഗ്രാം പച്ചച്ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിയ്ക്കാവുന്നതാണ്.
- മഴക്കാലത്ത് തടം തുറന്ന് ഓരോ വലിയതെങ്ങിനും 25 മുതൽ 50 കിലോഗ്രാം ജൈവവളം ഇട്ടുകൊടുക്കുക

Sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**